## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത 6114-ാം നമ്പർ ചോദ്യം 28.10.2011 -ലെ മറുപടിക്ക്

### ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. വഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) 23.9.2011 ലെ സ.ഉ (പി) 402/11/ധന പ്രകാരം ഗസറ്റഡ് ഓഫീസർമാർ ഉൾപ്പടെ സംസ്ഥാനത്തെ എല്ലാ ജീവനക്കാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ ഒഴികെയുള്ള ശമ്പളവും മറ്റ് അലവൻസുകളും ജീവനക്കാരുടെ സമ്മതത്തോടെ പൊതുമേഖലാ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. |
| (ബി) പണം സ്വകാര്യ ബാങ്കുകൾ വഴിയാണോ നൽകുന്നത്; എങ്കിൽ പ്രസ്തുത ബാങ്കുകളുമായി ഉണ്ടാക്കുന്ന കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കരാറിലേർപ്പെടുന്ന ബാങ്കുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) പണം സ്വകാര്യബാങ്കുകൾവഴിയല്ല നൽകുന്നത്. |
| (സി) ശമ്പളദിവസം തന്നെ മുഴുവൻ ജീവനക്കാരുടേയും ശമ്പളം ബാങ്കിനെ ഏൽപ്പിക്കുകയാണോ; ഇല്ലെങ്കിൽ ജീവനക്കാർ പണം പിൻവലിക്കുന്ന തനുസരിച്ച് പണം കൈമാറാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) പുതിയ ഉത്തരവു പ്രകാരം, ട്രഷറിയിൽ സമർപ്പിക്കുന്ന ശമ്പള ബില്ലുകൾ പരിശോധിച്ച ശേഷം അനുവദനീയമായ തുകയ്ക്ക് ബന്ധപ്പെട്ട ട്രഷറി ഡ്രായിംഗ് ഓഫീസർക്ക് പേ ഓർഡർ ചെക്ക് നൽകുന്നു. ഓരോ ജീവനക്കാർക്കും നൽകേണ്ട തുകയുടെ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റോടെ ഈ ചെക്കുകൾ ബാങ്കിൽ നൽകുകയും അതിൻ പ്രകാരമുള്ള തുക ഓരോ ജീവനക്കാരുടേയും അക്കൗണ്ടിൽ ബാങ്ക് വരവ്വച്ചു നൽകുകയും ചെയ്യുന്നു. |

| | |
|---|---|
| (ഡി) ശമ്പളം ട്രഷറി എ.റ്റി.എം. വഴി മാത്രം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഇ) ഇതുവഴി മിച്ച തുക ഗവൺമെന്റിന് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ട്രഷറികളിൽ എ.റ്റി.എം. സൗകര്യമേർപ്പെടുത്തുന്നതിന് റിസർവ്വ് ബാങ്ക് ഇതുവരെ അനുമതി നൽകിയിട്ടില്ല. 23.9.2011 ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപും ഭൂരിപക്ഷം സർക്കാർ ജീവനക്കാരുടെയും ശമ്പളം പണമായി വിതരണം ചെയ്തുവരുന്നതിനാൽ ട്രഷറി നിക്ഷേപത്തെ ഇത് ബാധിക്കില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി ശമ്പളം വാങ്ങുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരിലും ഭൂരിപക്ഷവും ശമ്പള ദിവസങ്ങളിൽ അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നുണ്ടെന്നതിനാൽ ഇതും ട്രഷറി നിക്ഷേപത്തെ കാര്യമായി ബാധിക്കുന്നില്ല. |

Deepa

**സെക്ഷൻ ഓഫീസർ**